2026
SEPTEMBER
03
THURSDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper

## കൊച്ചി മെട്രോ മൂന്നാം ഘട്ടം; ലക്ഷ്യം ബഹുമുഖ ഗതാഗത ശൃംഖല



**കൊച്ചി:** നെടുമ്പാശേരി രാജ്യാന്തര വിമാനത്താവളം തൊട്ട് അങ്കമാലിയിലേക്ക് നീളുന്ന കൊച്ചി മെട്രോയുടെ മൂന്നാം ഘട്ട വികസനത്തിൽ ലക്ഷ്യമിടുന്നത് വിമാനത്താവളം, റെയിൽവേ, മെട്രോ, ദേശീയപാത എന്നിവയെ ഒന്നിച്ചുചേർക്കുന്ന ബഹുമുഖ ഗതാഗത ശൃംഖല. വിമാനത്താവളത്തെ കേന്ദ്രീകരിച്ച് ആലുവ മുതൽ അങ്കമാലി കരിയംപറമ്പ് വരെ 17.5 കിലോമീറ്റർ നീളത്തിൽ നിർമിക്കുന്നതിനുള്ള വിശദ പദ്ധതിരേഖയാണ് കെഎംആർഎൽ സംസ്ഥാന സർക്കാരിനു സമർപ്പിച്ചിട്ടുള്ളത്. വിമാനത്താവളത്തിൽ ഉൾപ്പെടെ 15 സ്റ്റേഷനുകളാണ് മൂന്നാം ഘട്ട പാതയിൽ വിഭാവനം ചെയ്തിരിക്കുന്നത്.

വിമാനത്താവളത്തിലെ രാജ്യാന്തരആഭ്യന്തര ടെർമിനലുകൾക്കിടയിൽ താജ് ഹോട്ടലിനു മുന്നിലുള്ള സിയാലിന്റെ 20 സെന്റ് ഭൂമിയിലാണ് പ്രധാന മെട്രോ സ്റ്റേഷനു സ്ഥലം കണ്ടെത്തിയിട്ടുള്ളത്. ഇവിടെ നിന്ന് ടെർമിനലുകളിലേക്ക് നേരിട്ടെത്താൻ എസ്കലേറ്ററുകളും ലിഫ്റ്റുകളും ഉണ്ടാകും. മറ്റൊരു പ്രധാന സ്റ്റേഷൻ നിലവിൽ നിർമാണം നടക്കുന്ന റെയിൽവേയുടെ നെടുമ്പാശേരി സ്റ്റേഷനു സമീപമാണ്. റെയിൽവേ സ്റ്റേഷനിൽ നിന്നിറങ്ങുന്ന യാത്രക്കാർക്ക് ലിഫ്റ്റുകൾ, പെഡസ്ട്രിയൻ ഓവർപാസ് സൗകര്യങ്ങൾ വഴി എളുപ്പത്തിൽ മെട്രോയിലേക്കും അതുവഴി വിമാനത്താവള സ്റ്റേഷനിലുമെത്താം. അതേസമയം, നിർമാണച്ചെലവും ഭൂമി ഏറ്റെടുക്കൽ തുകയും വർധിപ്പിക്കുമെന്നതിനാൽ അങ്കമാലി റെയിൽവേ സ്റ്റേഷനിലേക്ക് മെട്രോ എത്തില്ല. മൂന്നാം ഘട്ടത്തിൽ നെടുമ്പാശേരിയിൽ പുതിയ റെയിൽവേ സ്റ്റേഷൻ വരുന്നത് കൂടി പരിഗണിച്ച് അങ്കമാലി റെയിൽവേ സ്റ്റേഷൻ അലൈൻമെന്റിൽ നിന്ന് ഒഴിവാക്കുകയായിരുന്നു.

ആലുവയിൽ നിന്ന് ദേശീയപാത 544 വഴി കരിയാട് വരെ എലവേറ്റഡ് പാതയായാണ് മെട്രോ നിർമിക്കുന്നത്. വിമാനത്താവള മേഖലയിൽ 3 കിലോമീറ്റർ ഭൂഗർഭ പാത പരിഗണനയിൽ ഉണ്ടായിരുന്നെങ്കിലും ഇതിനായി 2000 കോടി രൂപയെങ്കിലും അധികമായി കണ്ടെത്തേണ്ടി വരും. അതിനാൽ ഈ ഭാഗത്തും എലവേറ്റഡ് രീതി തന്നെയാണ് ശുപാർശയിലുള്ളത്. ആലുവയിൽ നിന്ന് തോട്ടക്കാട്ടുകര, കുന്നുംപുറം, പറമ്പയം, നെടുമ്പാശേരി, അത്താണി, കരിയാട്, എയർപോർട്ട് റെയിൽവേ സ്റ്റേഷൻ, വിമാനത്താവളം, നായത്തോട്, കവരപ്പറമ്പ്, അരീക്കൽ ജംക്ഷൻ, എൽഎഫ് ഹോസ്പിറ്റൽ, അങ്കമാലി ടൗൺ, കൊതകുളങ്ങര, കരായാംപറമ്പ് എന്നിങ്ങനെയാണ് 15 സ്റ്റേഷനുകൾ. ഇത് ദേശീയപാതയിലെയും അങ്കമാലി, അത്താണി, നെടുമ്പാശേരി മേഖലകളിലെയും കടുത്ത ഗതാഗതക്കുരുക്കിന് ആശ്വാസമാകുമെന്നും കരുതുന്നു.

# ഓഗസ്റ്റിൽ ജിഎസ്ടി 1.99 ലക്ഷം കോടി രൂപ

**ന്യൂദൽഹി:** കേന്ദ്ര ധനമന്ത്രാലയം ചൊവ്വാഴ്ച പുറത്തുവിട്ട കണക്കുകൾ പ്രകാരം, ഓഗസ്റ്റിൽ ഇന്ത്യയുടെ ആകെ ചരക്ക് സേവന നികുതി (ജിഎസ്ടി) പിരിവ് മുൻവർഷത്തെ അപേക്ഷിച്ച് 14.8 ശതമാനം വർധിച്ച് 1,99,853 കോടി രൂപയിലെത്തി. എന്നാൽ, ജൂലൈയിൽ രേഖപ്പെടുത്തിയ 2.11 ലക്ഷം കോടി രൂപയേക്കാൾ കുറവാണിത്.

റിഫണ്ടുകൾക്കുശേഷമുള്ള അറ്റ ജിഎസ്ടി പിരിവ് ഓഗസ്റ്റിൽ മുൻവർഷത്തെ 1.55 ലക്ഷം കോടി രൂപയെ അപേക്ഷിച്ച് 8.3 ശതമാനം വർധിച്ച് 1.68 ലക്ഷം കോടി രൂപയായി. അറ്റ പിരിവിൽ മുൻ മാസത്തെ അപേക്ഷിച്ച് 7 ശതമാനത്തിലേറെ കുറവുണ്ടായി.



ആഭ്യന്തര വരുമാനവും ഇറക്കുമതിയിൽനിന്നുള്ള വരുമാനവും വർധിച്ചതാണ് ഓഗസ്റ്റിൽ ജിഎസ്ടി പിരിവ് ഉയരാൻ കാരണമായത്. ആകെ ആഭ്യന്തര ജിഎസ്ടി വരുമാനം മുൻവർഷത്തെ 1,25,570 കോടി രൂപയെ അപേക്ഷിച്ച് 9.3 ശതമാനം വർധിച്ച് 1.37 ലക്ഷം കോടി രൂപയായി. ഇറക്കുമതിയിൽനിന്നുള്ള വരുമാനം വലിയ കുതിപ്പാണ് നടത്തിയത്. ഇതിൽനിന്നുള്ള ആകെ ജി.എസ്.ടി വരുമാനം 29 ശതമാനം ഉയർന്ന് 62,604 കോടി രൂപയിലെത്തി. ഒരു വർഷം മുൻപിത് 48,546 കോടിയായിരുന്നു.

കേന്ദ്ര ജിഎസ്ടി പിരിവ് 38,413 കോടി രൂപയും സംസ്ഥാന ജിഎസ്ടി പിരിവ് 46,316 കോടി രൂപയും ആയി. ആഭ്യന്തര ഇടപാടുകളിൽനിന്നുള്ള സംയോജിത ജിഎസ്ടി പിരിവ് 52,520 കോടി രൂപയാണ്. ഓഗസ്റ്റിൽ ജിഎസ്ടി റിഫണ്ടുകൾ മുൻവർഷത്തെക്കാൾ 67.9 ശതമാനം വർധിച്ച് 31,795 കോടി രൂപയായി. ആഭ്യന്തര റിഫണ്ടുകൾ ഏകദേശം 72.6 ശതമാനം വർധിച്ച് 18,490 കോടി രൂപയും, ഇറക്കുമതിയിൽ നൽകിയ ജിഎസ്ടി റിഫണ്ട് ഏകദേശം 61.8 ശതമാനം വർധിച്ച് 13,305 കോടി രൂപയുമായി.

## മദീനയിൽ പുതിയ ഹൈപ്പർമാർക്കറ്റ് തുറന്ന് ലുലു

മദീന: സൗദി അറേബ്യയിൽ റീട്ടെയ്ൽ സാന്നിദ്ധ്യം കൂടുതൽ വിപുലമാക്കുന്നതിന്റെ ഭാഗമായി, മദീനയിൽ പുതിയ ഹൈപ്പർമാർക്കറ്റ് തുറന്ന് ലുലു. മദീന അൽമുനവ്വറയിലാണ് പുതിയ ലുലു ഹൈപ്പർമാർക്കറ്റ് പ്രവർത്തനം തുടങ്ങിയത്.

മദീന ചേംബർ ഓഫ് കൊമേഴ്സ് സെക്രട്ടറി ജനറൽ അഹമ്മദ് ബക്കർ സൈദാൻ, ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ യൂസഫലി എന്നിവരുടെ സാന്നിദ്ധ്യത്തിൽ മദീന ചേംബർ ഓഫ് കൊമേഴ്സ് ബോർഡ് ചെയർമാൻ ഫഹദ് അല്യാൻ അൽമുഗീർ പുതിയ ഹൈപ്പർമാർക്കറ്റിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. മദീനയിലെ രണ്ടാമത്തേതും, മക്ക മദീനയിലെ നാലാമത്തേയും സ്റ്റോറാണ് മദീന അൽ മുനവ്വറയിലേത്. കിംഗ് ഖാലിദ് റോഡിൽ ഹറമൈൻ ട്രെയിൻ സ്റ്റേഷന് സമീപമാണ് പുതിയ സ്റ്റോർ.

തീർഥാടകർക്കും പ്രദേശവാസികൾക്കും കൂടുതൽ സൗകര്യപ്രദമായ ഷോപ്പിങ്ങ് ഉറപ്പാക്കുന്നതിനും സൗദി വിഷന് 2030ന് പിന്തുണയേകുന്നതിന്റെയും ഭാഗമായാണ് പുതിയ ഹൈപ്പർമാർക്കറ്റെന്ന് ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ യൂസഫലി വ്യക്തമാക്കി. കൂടുതൽ മികച്ച വികസന പദ്ധതികളാണ് സൗദി അറേബ്യയിൽ ലുലു ഗ്രൂപ്പിനുള്ളതെന്നും അദേഹം പറഞ്ഞു. സൗദി ഭരണനേതൃത്വം നൽകിവരുന്ന പിന്തുണയ്ക്കും എം.എ യൂസഫലി നന്ദി അറിയിച്ചു.

95,628 ചതുരശ്ര അടിയിൽ രണ്ട് നിലകളിലായുള്ള പുതിയ ഹൈപ്പർമാർക്കറ്റിൽ ദൈനംദിന ഉത്പന്നങ്ങൾ, ഫ്രഷ് ഫുഡ്, ബേക്കറി, ഇറച്ചി, മീൻ കൗണ്ടറുകൾ കൂടാതെ തുണിത്തരങ്ങൾ, ഇലകട്രോണിക്സ്, മൊബൈൽ അക്സസറീസ്, വീട്ടുപകരണങ്ങൾ തുടങ്ങിയവയുടെ വിപലുമായ ശേഖരവും ലഭ്യമാണ്. മികച്ച പാർക്കിംങ്ങ് സൗകര്യവും സജ്ജീകരിച്ചിട്ടുണ്ട്.

ലുലു സിഇഒ സെയ്ഫി രൂപാവാല, എക്സിക്യൂട്ടീവ് ഡയറക്ടർ അഷറഫ് അലി എം.എ, ലുലു സൗദി ഡയറക്ടർ മുഹമ്മദ് ഹാരിസ് തുടങ്ങിയവരും ചടങ്ങിൽ പങ്കെടുത്തു.




## വിഗാർഡ് ഗ്രൂപ്പിൽനിന്ന് മൂന്നാമത്തെ ഐ.പി.ഒ: വീഗാലാൻഡ് ഡിവലപ്പേഴ്സ് ഓഹരി വിൽപ്പന 10 മുതൽ

**കൊച്ചി:** പ്രമുഖ മലയാളി വ്യവസായി കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളിയുടെ നേതൃത്വത്തിലുള്ള കേരളം ആസ്ഥാനമായ വീഗാലാൻഡ് ഡിവലപ്പേഴ്സ് 210 കോടി രൂപ സമാഹരണലക്ഷ്യവുമായി പ്രഥമ ഓഹരി വിൽപ്പന നടത്തുന്നു. സെപ്റ്റംബർ 10ന് തുടങ്ങുന്ന ഐ.പി.ഒ. 15 വരെ നീളും. ആങ്കർ നിക്ഷേപകർക്കായുള്ള ബിഡ്ഡിങ് ഒൻപതിനാണ്.

പത്തുരൂപ മുഖവിലയുള്ള ഓഹരികളുടെ വില നിലവാരം 130 140 രൂപയാണ്. മൊത്തം 1.50 കോടി ഓഹരികളാണ് വിൽപ്പനയ്ക്ക് വെയ്ക്കുന്നത്. 107 ഓഹരികളാണ് ചുരുങ്ങിയ ബിഡ് സൈസ്. പൂർണമായും പുതിയ ഓഹരികളുടെ വിൽപ്പനയിലൂടെ സമാഹരിക്കുന്ന തുക വികസന പ്രവർത്തനങ്ങൾക്കായാവും ചെലവഴിക്കുക. കമ്പനിയുടെ നിലവിലുള്ള പദ്ധതികൾ പൂർത്തിയാക്കാനും ഭൂമി വാങ്ങാനും മറ്റ് പൊതു ആവശ്യങ്ങൾക്കുമായാണ് തുക വിനിയോഗിക്കുക.

കേരളം ആസ്ഥാനമായുള്ള വിഗാർഡ് ഗ്രൂപ്പിൽനിന്നുള്ള മൂന്നാമത്തെ ഐ.പി.ഒ. ആണ് ഇതെന്ന പ്രത്യേകതയുണ്ട്. ഗ്രൂപ്പിനുകീഴിലെ വിഗാർഡ് ഇൻഡസ്ട്രീസ്, വണ്ടർലാ ഹോളിഡേയ്സ് എന്നിവ ഇതിനോടകം ഐ.പി.ഒ. നടത്തി ഓഹരിവിപണിയിൽ വ്യാപാരം ചെയ്യപ്പെടുന്നുണ്ട്. കേരളത്തിൽ നിന്ന് ഒരു റിയൽ എസ്റ്റേറ്റ് ഡിവലപ്പർ കമ്പനി ആദ്യമായി ഐ.പി.ഒ.യുമായി എത്തുന്നു എന്നതാണ് മറ്റൊരു സവിശേഷത.

2025 ഡിസംബറിലെ റിപ്പോർട്ട് അനുസരിച്ച് കേരളത്തിൽ ഏറ്റവും വേഗത്തിൽ വളരുന്ന റിയൽ എസ്റ്റേറ്റ് ഡിവലപ്പറാണ് വീഗാലാൻഡ്. കൊച്ചി ആസ്ഥാനമായി 2012ൽ തുടങ്ങിയ വീഗാലാൻഡ് ഡിവലപ്പേഴ്സ് ഇതിനോടകം 10 പാർപ്പിടസമുച്ചയങ്ങൾ പൂർത്തിയാക്കി. ഇതിലൂടെ 11.05 ലക്ഷം ചതുരശ്രയടി വിസ്തൃതിയിലായി മൊത്തം 692 ഭവനങ്ങളാണ് വിറ്റഴിച്ചത്. കൊച്ചി, തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിലായി നിലവിൽ 12 പ്രോജക്ടുകളുടെ നിർമാണം പുരോഗമിക്കുകയാണ്. 18.57 ലക്ഷം ചതുരശ്രയടിയാണ് ഇവയുടെ മൊത്തം വിസ്തൃതി. മൊത്തം 987 ഭവനങ്ങളാണ് ഇതിലുള്ളത്. മൂന്ന് പദ്ധതികൾ കൂടി ഉടൻ അവതരിപ്പിക്കും. മിഡ്പ്രീമിയം, പ്രീമിയം, അൾട്രാ പ്രീമിയം ശ്രേണികളിലുള്ള അപ്പാർട്ട്മെന്റ് പ്രോജക്ടുകളാണ് കമ്പനി പ്രധാനമായും നിർമിക്കുന്നത്.



# ഓണം കഴിഞ്ഞു, പാടശേഖരങ്ങളിൽ ഇനി പൊന്നുവിളയിക്കൽ കാലം

**ഷൊർണൂർ:** ഓണത്തിരക്കുകൾക്ക് വിട, വള്ളുവനാടൻ പാടശേഖരങ്ങളിൽ രണ്ടാംവിളയ്ക്ക് കാർഷിക വൃത്തികൾ തുടങ്ങി. ഒന്നാംവിള തരിശിട്ട നെൽപാടങ്ങളടക്കം രണ്ടാംവിളയ്ക്ക് പാകമാക്കുകയാണ് കർഷകർ.

ജലലഭ്യത കുറവടക്കമുള്ള വിവിധ കാരണങ്ങളാലാണ് കർഷകരിൽ പലരും ഒന്നാംവിള ഉപേക്ഷിക്കുന്ന സാഹചര്യമുള്ളത്. എന്നാൽ ഭൂരിഭാഗം കർഷകരും രണ്ടാംവിള കൃഷി ചെയ്യാറുണ്ട്. വന്യമൃഗശല്യമടക്കമുള്ള പ്രതികൂല സാഹചര്യങ്ങൾ മുന്നിൽ കണ്ടുകൊണ്ടുതന്നെയാണ് കർഷകർ രണ്ടാം വിളയ്ക്ക് പാടശേഖരങ്ങളൊരുക്കുന്നത്. പാടങ്ങൾ ട്രാക്ടർ ഉപയോഗിച്ച് ഉഴുതുമറിക്കുകയും വരമ്പ് നിർമിക്കുകയും ചെയ്യുന്ന പ്രവൃത്തികളാണ് ഇപ്പോൾ പുരോഗമിക്കുന്നത്. ഓണത്തിന് മുമ്പുതന്നെ ഞാറ്റടി തയാറാക്കിയ പാടശേഖരങ്ങൾ ചിലതിൽ നടീൽപ്രവൃത്തികളും ആരംഭിച്ചു കഴിഞ്ഞു. നേരത്തേതന്നെ കൃഷിഭവനുകൾ വഴി കർഷകർക്ക് വിത്ത് ലഭ്യമാക്കിയിരുന്നു. ഇത്തവണയും മിക്ക കർഷകരും പൊന്മണി വിത്താണ് ഉപയോഗിക്കുന്നത്. അതിഥിത്തൊഴിലാളികളാണ് പ്രധാനമായും ഞാറുപറിച്ചുനടുന്നതിനായി പാടശേഖരങ്ങളിലുള്ളത്. എന്നാൽ, പാടങ്ങൾ വീണ്ടും പച്ചപിടിക്കാനുള്ള ഒരുക്കത്തിലായിട്ടും പല കർഷകരുടെയും മനസിൽ ആശങ്കയാണ്. ലക്ഷങ്ങൾ ചെലവഴിച്ച് കൃഷി നടത്തിയശേഷം നെല്ലുസംഭരിച്ച പണത്തിനായി മാസങ്ങളോളം കാത്തിരിക്കേണ്ടിവരുന്ന സാഹചര്യം ഇത്തവണയും നെൽക്കൃഷിയിൽനിന്ന് പിന്മാറാൻ പ്രേരിപ്പിക്കുന്നതായി കർഷകർ പറയുന്നു.

വർധിച്ച കൂലിച്ചെലവും മറ്റുചെലവുകളും ചേർന്ന് കൃഷിക്ക് വൻതുക ചെലവഴിക്കേണ്ട സാഹചര്യമാണ്. കഴിഞ്ഞ രണ്ടാംവിളയിൽ മികച്ച വിളവ് ലഭിച്ചിരുന്നെങ്കിലും സപ്ലൈകോ സംഭരിച്ച നെല്ലിൻറെ പണം ലഭിക്കാൻ മാസങ്ങളോളം കാത്തിരിക്കേണ്ടിവന്നത് കർഷകരെ പ്രതിസന്ധിയിലാക്കിയിരുന്നു. തരിശിട്ടിരുന്ന മുഴുവൻ പാടശേഖരങ്ങളിലും കൃഷിയിറക്കാനുള്ള നടപടികളാണ് അധികൃതരുടെ ഭാഗത്തുനിന്നുമുണ്ടായിട്ടുള്ളത്.ഇതിൻറെ ഭാഗമായി കൃഷി ഓഫീസർമാർ ആവശ്യമായ നടപടികൾ ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്. ഒരു തുണ്ട് കൃഷിഭൂമിപോലും വെറുതെ കിടക്കരുത് എന്നാണ് കൃഷി ഓഫീസർമാർ കർഷകർക്കു നൽകുന്ന നിർദേശം.

# ധനസഹായത്തിന് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** മുസ്ലീം, ക്രിസ്ത്യൻ, ബുദ്ധ, സിഖ്, പാഴ്സി, ജൈൻ എന്നീ ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെടുന്ന വിധവകൾ/ വിവാഹബന്ധം വേർപ്പെടുത്തിയ/ ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള 'ഇമ്പിച്ചി ബാവ ഭവന പുനരുദ്ധാരണ പദ്ധതിയിൽ' ന്യൂനപക്ഷക്ഷേമ വകുപ്പ് ധനസഹായം നൽകുന്നതിലേക്ക് അപേക്ഷിക്കാം. ശരിയായ ജനലുകൾ/ വാതിലുകൾ/ മേൽക്കൂര ഫ്ളോറിങ് / ഫിനിഷിങ്/ പ്ലംബിങ്/ സാനിട്ടേഷൻ/ ഇലക്ട്രിഫിക്കേഷൻ എന്നിവയില്ലാത്ത വീടുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനാണ് ധനസഹായം നൽകുന്നത്. കേരളത്തിലുടനീളം നടക്കുന്ന 603 വീടിന്റെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട പദ്ധതിക്കായി ജില്ലാ കളക്ട്രേറ്റിൽ ലഭിച്ച അപേക്ഷയിൽ നിന്നും അനുവദിച്ച ഓരോ അറ്റകുറ്റപ്പണികൾക്ക് 50,000 രൂപയാണ് ധനസഹായം അനുവദിക്കുന്നത്. തുക തിരിച്ചടക്കേണ്ടതില്ല.

അപേക്ഷാ ഫോം ജില്ലാ കളക്ടറേറ്റിലെ ന്യൂനപക്ഷ ക്ഷേമ സെക്ഷനിൽ നിന്ന് നേരിട്ടോ/ അതത് വില്ലേജ് ഓഫീസുകളിലും അതത് പഞ്ചായത്ത്/മുനിസിപ്പാലിറ്റി, www.mwd-scholarship.kerala.gov.in ൽ നിന്നും ലഭിക്കും. അപേക്ഷകയുടെ സ്വന്തം /പങ്കാളിയുടെ പേരിലുള്ള വീടിന്റെ പരമാവധി വിസ്തീർണ്ണം 1200 സ്ക്വയർഫീറ്റ് കവിയരുത്.

അപേക്ഷക കുടുംബത്തിലെ ഏക വരുമാനദായകയായിരിക്കണം. ബി.പി.എൽകുടുംബത്തിന് മുൻഗണന ലഭിക്കും. അപേക്ഷകയ്ക്കോ, അവരുടെ മക്കൾക്കോ, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർ, പെൺകുട്ടികൾ മാത്രമുള്ള / മക്കളില്ലാത്ത അപേക്ഷക തുടങ്ങിയവർക്ക് മുൻഗണന നൽകും. സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ സ്ഥിര വരുമാനം ലഭിക്കുന്ന മക്കളുള്ള വിധവകൾ, സർക്കാരിൽ നിന്നോ സമാന ഏജൻസികളിൽ നിന്നോ ഇതിന് മുമ്പ് പത്തു വർഷത്തിനുള്ളിൽ ഭവന നിർമ്മാണത്തിന് സഹായം ലഭിച്ചവർ എന്നിവർ വീണ്ടും അപേക്ഷിക്കേണ്ടതില്ല.

അപേക്ഷകയുടെ സ്വന്തം / പങ്കാളിയുടെ പേരിലുള്ള 2026-27 സാമ്പത്തിക വർഷത്തെ ഭൂമിയുടെ കരം ഒടുക്കിയ രസീതിൻറെ പകർപ്പ്, റേഷൻ കാർഡ്, ആധാർ കാർഡ്,മൈനോറിറ്റി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, റെസിഡൻസ് സർട്ടിഫിക്കറ്റ്, ബിൽഡിംഗ് സർട്ടിഫിക്കറ്റ്, പേര് / മേൽവിലാസം എന്നിവ വ്യത്യാസം ഉണ്ടെങ്കിൽ അത് തെളിയിക്കുന്നതിനുള്ള വൺ ആൻഡ് സെയിം സർട്ടിഫിക്കറ്റ്, വിധവ ആണെങ്കിൽ പങ്കാളി മരണപ്പെട്ടുപോയിട്ടുള്ളതിന്റെ മരണ സർട്ടിഫിക്കറ്റ്, പങ്കാളി ഉപേക്ഷിച്ച് പോയിട്ടുള്ളതാണെങ്കിൽ/പുനർവിവാഹം ചെയ്തിട്ടില്ല എങ്കിൽ ബന്ധപ്പെട്ട വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം എന്നിവയോടൊപ്പം വീട് റിപ്പയർ ചെയ്യേണ്ടതിനും, വീടിന്റെ വിസ്തീർണ്ണം തെളിയിക്കുന്നതിനും, മറ്റു വകുപ്പുകളിൽ നിന്നോ/ സമാന ഏജൻസികളിൽ നിന്നോ അപേക്ഷകയ്ക്ക് 10 വർഷത്തിനുള്ളിൽ ഭവന നിർമ്മാണത്തിനോ/ പുനരുദ്ധാരണത്തിനോ ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന് തെളിയിക്കുന്നതിനും ആവശ്യമായ സാക്ഷ്യപത്രം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനിൽ നിന്നും അപേക്ഷയോടൊപ്പം ഹാജരാക്കണം.

പൂരിപ്പിച്ച അപേക്ഷ അനുബന്ധ രേഖകൾ സഹിതം അതത് ജില്ലാ കളക്ടറേറ്റിലെ ന്യൂനപക്ഷക്ഷേമ സെക്ഷനിൽ നേരിട്ടോ, ഡെപ്യൂട്ടി കളക്ടർ (ജനറൽ), ജില്ലാ ന്യൂനപക്ഷക്ഷേമ സെൽ (അഡ്മിനിസ്ട്രേഷൻ സെക്ഷൻ) കളക്ടറേറ്റ്, കാക്കനാട്, എറണാകുളം-682030 ജില്ലാ കളക്ടറേറ്റിലേക്ക് തപാലിലോ അപേക്ഷിക്കാം.

വ്യക്തമല്ലാത്തതും ആവശ്യമായ രേഖകൾ ഉൾപ്പെടുത്താത്തതുമായ അപേക്ഷകൾ നിരസിക്കും. എറണാകുളം ജില്ലയിലെ അപേക്ഷകർക്ക് മാത്രം എറണാകുളം ജില്ലാ കളക്ടറേറ്റിലെ ന്യൂനപക്ഷ ക്ഷേമ സെല്ലിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. മറ്റു ജില്ലക്കാർ അതത് ജില്ലാ കളക്ടറേറ്റിലാണ് അപേക്ഷിക്കേണ്ടത്.അവസാന തീയതി സെപ്റ്റംബർ പത്ത്. ഫോൺ: 04842422292, 2422294. ഫോൺ: 04842422292, 2422294.

## സ്പോട്ട് അഡ്മിഷൻ

സ്കൂൾ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ ആൻഡ് സ്പോർട്സ് സയൻസസിലെ മാസ്റ്റർ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ ആന്റ് സ്പോർട്സ് (എം.പി.ഇ.എസ്.) പ്രോഗ്രാമിൽ ഒഴിവുള്ള സീറ്റുകളിലേക്കുള്ള സ്പോട്ട് അഡ്മിഷൻ 2026 സെപ്റ്റംബർ 3 വ്യാഴാഴ്ച രാവിലെ 7.30ന് പഠനവകുപ്പിൽ നടക്കും. ക്യാറ്റ് 2026 27 യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ അസൽ സർട്ടിഫിക്കറ്റുകളുമായി നേരിട്ട് ഹാജരാകേണ്ടതാണ്. അന്നേ ദിവസം തന്നെ കായികക്ഷമതാ പരീക്ഷയും ഉണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് 04812733377. വെബ്സൈറ്റ് spess.mgu.ac.in/admission

മഹാത്മാഗാന്ധി സർവകലാശാലയോട് അഫിലിയേറ്റ് ചെയ്ത കോളേജുകളിലെ ബാച്ചിലർ ഓഫ് ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ ആന്റ് സ്പോർട്സ് (ഓണേഴ്സ്) (ബി.പി.ഇ.എസ്.), ബാച്ചിലർ ഓഫ് ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ പ്രോഗ്രാമുകളിലേക്ക് സെപ്റ്റംബർ 3ന് രാവിലെ 07:30ന് സ്പോട്ട് അഡ്മിഷൻ നടക്കുന്നു. യോഗ്യരായ വിദ്യാർത്ഥികൾ അസൽ സർട്ടിഫിക്കറ്റുകൾ, ഫീസ് രസീത്, സ്പോർട്സ് കിറ്റ് എന്നിവ സഹിതം പഠന വകുപ്പിൽ നേരിട്ട് ഹാജരാകുക. കൂടുതൽ വിവരങ്ങൾക്ക് 04812733377. വെബ്സൈറ്റ് spess.mgu.ac.in/admission

## അസിസ്റ്റൻറ് പ്രൊഫസർ കരാർ നിയമനം

2026 –27 അധ്യയനവർഷത്തേക്ക് (2027 ഏപ്രിൽ 15 വരെ) അസിസ്റ്റൻറ് പ്രൊഫസർ തസ്തികകളിൽ കരാറടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. ഹിന്ദി (ലാറ്റിൻ/ആംഗ്ലോ ഇന്ത്യൻ), ഹിസ്റ്ററി (ഇ.ഡബ്ല്യു.എസ്.), മാത്തമാറ്റിക്സ് (എസ്.സി.), മൈക്രോബയോളജി/ബയോടെക്നോളജി (കേൾവിപരിമിതർ), എൻവയോൺമെൻറൽ സയൻസ് (വിശ്വകർമ്മ), ഫിസിക്സ് (ലാറ്റിൻ/ആംഗ്ലോ ഇന്ത്യൻ) എന്നീ വിഷയങ്ങളിലാണ് ഒഴിവുകൾ ഉള്ളത്. യോഗ്യതയും പ്രായപരിധിയും യുജിസി നിബന്ധനകൾ പ്രകാരമായിരിക്കും. പ്രതിമാസം 40,000 രൂപ സമാഹൃത വേതനം ലഭിക്കും. താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ വിജ്ഞാപനത്തോടൊപ്പമുള്ള അപേക്ഷാഫോം പൂരിപ്പിച്ച് ആവശ്യമായ യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സഹിതം വിജ്ഞാപനം വന്ന് 10 ദിവസത്തിനകം ഇമെയിൽ മുഖേന അപേക്ഷിക്കേണ്ടതാണ്. വിശദവിവരങ്ങൾക്ക് www.mgu.ac.in സന്ദർശിക്കുക.



സൊസൈറ്റി ടുഡേ
SOCIETY TODAY

# സ്കൂൾ സമയത്തെ ടിപ്പർ സർവീസ്: പെരുമ്പാവൂരിൽ എം.വി.ഡിയുടെ മിന്നൽ പരിശോധന

**കൊച്ചി:** സ്കൂൾ സമയങ്ങളിലെ വിലക്ക് ലംഘിച്ച് സർവീസ് നടത്തിയ ടിപ്പർ ലോറികൾക്കും അമിതഭാരം കയറ്റിയ വാഹനങ്ങൾക്കുമെതിരെ പെരുമ്പാവൂർ മേഖലയിൽ മോട്ടോർ വാഹന വകുപ്പ് (എം.വി.ഡി.) വ്യാപക പരിശോധന നടത്തി. എറണാകുളം എൻഫോഴ്സ്മെന്റ് ആർ.ടി.ഒ.യുടെ നേതൃത്വത്തിൽ നടന്ന പരിശോധനയിൽ 89 കേസുകളിലായി 2,68,750 രൂപ പിഴ ഈടാക്കി.

നാല് എൻഫോഴ്സ്മെന്റ് സ്ക്വാഡുകളായി തിരിഞ്ഞ് പെരുമ്പാവൂർ, കുറുപ്പംപടി, കോട്ടപ്പടി, നെടുങ്ങപ്ര എന്നിവിടങ്ങളിലായിരുന്നു പരിശോധന. പരിശോധനയിൽ നിരോധിത സമയത്ത് ഓടിയ ഏഴ് ടിപ്പർ ലോറികൾക്കെതിരെ കേസെടുത്തു.

വാഹനത്തിന്റെ ബോഡിയിൽ നിയമവിരുദ്ധ മാറ്റങ്ങൾ വരുത്തിയ ഏഴ് ടിപ്പറുകൾക്ക് 45,000 രൂപ പിഴ ചുമത്തി. നികുതി അടയ്ക്കാത്ത രണ്ട് വാഹനങ്ങളും പിടിയിലായി.

അനുവദനീയമായതിലും കൂടുതൽ ഭാരം കയറ്റിയ രണ്ട് വാഹനങ്ങളിൽ നിന്നായി 65,000 രൂപ പിഴ ഈടാക്കി. വിവിധ നിയമലംഘനങ്ങൾക്ക് 71 കേസുകൾ വേറെയും രജിസ്റ്റർ ചെയ്തു. സ്കൂൾ സമയത്തെ ടിപ്പർ സർവീസും റോഡ് സുരക്ഷയ്ക്കും വിദ്യാർഥികളുടെ ജീവനും ഒരുപോലെ ഭീഷണിയാണെന്നും വരും ദിവസങ്ങളിലും പരിശോധന കർശനമാക്കുമെന്നും എൻഫോഴ്സ്മെന്റ് ആർ.ടി.ഒ അറിയിച്ചു. വാഹന ഉടമകളും ഡ്രൈവർമാരും സമയക്രമവും അനുവദനീയമായ ഭാരപരിധിയും കർശനമായി പാലിക്കണമെന്നും അധികൃതർ നിർദേശിച്ചു.



# വയോജനക്ഷേമം മുൻഗണനാ വിഷയം: മന്ത്രി വി. ഇ. അബ്ദുൽ ഗഫൂർ

**തിരുവനന്തപുരം:** സംസ്ഥാന സർക്കാർ ഏറ്റവും കൂടുതൽ മുൻഗണന നൽകുന്ന വിഷയമാണ് വയോജന ക്ഷേമമെന്നും, വയോജനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ കേവലം നിയമപരമായ പ്രക്രിയകളിലൂടെ മാത്രം തീർപ്പാക്കാൻ സാധിക്കില്ലെന്നും സാമൂഹ്യനീതി വകുപ്പ് മന്ത്രി വി. ഇ. അബ്ദുൽ ഗഫൂർ. ഇന്ത്യയിലാദ്യമായി രൂപീകരിച്ച കേരള സംസ്ഥാന വയോജന കമ്മീഷന്റെ ഒന്നാം വാർഷികാഘോഷ പരിപാടികൾ തിരുവനന്തപുരം അയ്യൻകാളി ഹാളിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി.

കേരളത്തിൽ ഡെമോഗ്രാഫിക് ചേഞ്ച് വളരെ വേഗത്തിൽ സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ജനസംഖ്യയിൽ വയോജനങ്ങളുടെ ശതമാനം വർധിച്ചുവരുന്നു. ഈ സാഹചര്യത്തിലാണ് സർക്കാർ വയോജന ക്ഷേമത്തിന് മുൻഗണന നൽകുന്നത്. വയോജനങ്ങൾ അനുഭവിക്കുന്ന ഏറ്റവും വലിയ പ്രയാസം ഒറ്റപ്പെടലാണ്. ജോലി സംബന്ധമായും മറ്റും മക്കൾ വിദേശത്തു പോകുന്നതും മറ്റ് പല കാരണങ്ങളും കൊണ്ട് ഇത്തരം ഒറ്റപ്പെടലുകൾ വർധിക്കുന്നു. സർക്കാരിന് സംവിധാനങ്ങൾ ഒരുക്കാൻ സാധിക്കുമെങ്കിലും സമൂഹമെന്ന നിലയിൽ എല്ലാവരും ചേർന്നാണ് ഇതിന് പരിഹാരം കാണേണ്ടത്.

വയോജന കമ്മീഷനു മുന്നിൽ എത്തുന്ന ഭൂരിഭാഗം പരാതികളും സ്നേഹത്തോടെയും വാത്സല്യത്തോടെയും മക്കൾക്ക് എഴുതിനൽകിയ സ്വത്തോ വീടോ പിന്നീടുണ്ടാകുന്ന പ്രശ്നങ്ങൾ കാരണം തിരികെ വേണമെന്നാവശ്യപ്പെട്ടുള്ളവയാണ്. ടോൾ ഫ്രീ നമ്പറിലേക്ക് വരുന്ന കോളുകളിൽ ഭൂരിഭാഗവും ആഴ്ചയിൽ ഒരിക്കലെങ്കിലും ആരോടെങ്കിലും സംസാരിക്കാൻ ആഗ്രഹിക്കുന്നവരുടേതാണ്.

പുതിയ സർക്കാർ അധികാരമേറ്റ ശേഷം പ്രഖ്യാപിച്ച വയോജനങ്ങൾക്ക് മാത്രമായുള്ള പ്രത്യേക വകുപ്പ് അന്തിമരൂപത്തിലേക്ക് എത്തുകയാണെന്നും, വയോജനക്ഷേമ മേഖലയിൽ വലിയ മാറ്റങ്ങൾ ഉണ്ടാകുമെന്നും മന്ത്രി പറഞ്ഞു.

മുൻ മാതൃകകൾ ഒന്നുമില്ലാതിരുന്നിട്ടും ഒരു വർഷത്തിനുള്ളിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്താൻ വയോജന കമ്മീഷന് സാധിച്ചതായും മന്ത്രി കൂട്ടിച്ചേർത്തു.

വയോജനങ്ങൾ ഒരിക്കലും ബാധ്യതയല്ല, പുതിയ കേരളത്തിന്റെ വലിയൊരു സാധ്യതയാണെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച ഗതാഗത വകുപ്പ് മന്ത്രി സി. പി. ജോൺ പറഞ്ഞു. വയോജനങ്ങൾക്കായി കഴിഞ്ഞ സർക്കാർ കമ്മീഷൻ രൂപീകരിച്ചപ്പോൾ ഈ സർക്കാർ ഒരു പ്രത്യേക വകുപ്പ് തന്നെ രൂപീകരിച്ച് പ്രവർത്തനങ്ങൾ വിപുലീകരിക്കുകയാണെന്നും, എല്ലാവരും ഒരുമിച്ച് മുന്നോട്ടു പോകാമെന്നും മന്ത്രി പറഞ്ഞു.

വയോജന കമ്മീഷന്റെ ഒരു വർഷത്തെ പ്രവർത്തനങ്ങൾ വിവരിക്കുന്ന ലഘുലേഖ മന്ത്രി വി. ഇ. അബ്ദുൽ ഗഫൂർ ചടങ്ങിൽ പ്രകാശനം ചെയ്തു. ചടങ്ങിൽ വയോജന കമ്മീഷൻ ചെയർപേഴ്സൺ അഡ്വ. കെ. സോമപ്രസാദ്, സെക്രട്ടറി വിനോദ് ജി, സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ ഡോ. അരുൺ എസ്. നായർ, വയോജന കമ്മീഷൻ അംഗങ്ങളായ അമരവിള രാമകൃഷ്ണൻ, കെ.എൻ.കെ. നമ്പൂതിരി തുടങ്ങിയവർ പങ്കെടുത്തു.

## അപേക്ഷാ തീയതി നീട്ടി

**കൊച്ചി:** 2025– 26 അധ്യയന വർഷത്തിൽ മികച്ച വിജയം നേടിയ വിമുക്തഭടന്മാരുടെ മക്കൾക്ക് നൽകുന്ന ഒറ്റത്തവണ 'ടോപ്പ് സ്കോറർ അവാർഡി'നുള്ള അപേക്ഷാ തീയതി സെപ്റ്റംബർ 15 വരെ ദീർഘിപ്പിച്ചു. സ്റ്റേറ്റ് സിലബസിൽ 10, 12 ക്ലാസ്സുകളിൽ എല്ലാ വിഷയങ്ങൾക്കും A1/A+ ലഭിച്ചവർക്കും, 90 ശതമാനമോ അതിന് മുകളിലോ അഗ്രിഗേറ്റ് മാർക്ക് നേടിയവർക്കുമാണ് അവാർഡിന് അർഹതയുള്ളത്. യോഗ്യരായ വിദ്യാർത്ഥികൾക്ക് സർവ്വീസ് പ്ലസ് പോർട്ടൽ മുഖേന അപേക്ഷിക്കാമെന്ന് എറണാകുളം ജില്ലാ സൈനികക്ഷേമ ഓഫീസർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 04842422239 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

## എം.ബി.എ സ്പോട്ട് അഡ്മിഷൻ

**കൊച്ചി:** പുന്നപ്ര കേപ്പ് ക്യാമ്പസിൽ പ്രവർത്തിക്കുന്ന സർക്കാർ സ്ഥാപനമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് ടെക്നോളജിയിൽ രണ്ടു വർഷത്തെ ഫുൾടൈം എം.ബി.എ പ്രോഗ്രാമിലേക്ക് സ്പോട്ട് അഡ്മിഷൻ നടക്കുന്നു. ജനറൽ, എസ്.സി/എസ്.റ്റി, ഒ.ഇ.സി വിഭാഗങ്ങളിലെ ഒഴിവുള്ള സീറ്റുകളിലേക്ക് സെപ്റ്റംബർ 7, 8, 9 തീയതികളിൽ രാവിലെ 10 മണിക്ക് കോളേജ് ക്യാമ്പസിൽ നടക്കുന്ന സ്പോട്ട് അഡ്മിഷനിൽ 50% മാർക്കോടെ ബിരുദം പൂർത്തിയാക്കിയവർക്ക് പങ്കെടുക്കാം. ഫിഷറീസ് വിഭാഗത്തിൽപ്പെട്ടവർക്കും, എസ്.സി/എസ്.റ്റി, ഒ.ഇ.സി, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് ആനുകൂല്യങ്ങളും ലഭ്യമാണ്. താല്പര്യമുള്ളവർ പുന്നപ്ര ഐ.എം.റ്റി ഓഫീസുമായി 0477 2267602, 9188067601, 9946488075, 9747272045 എന്നീ നമ്പറുകളിലോ www.imtpunnapra.org എന്ന വെബ്സൈറ്റ് വഴിയോ ബന്ധപ്പെടേണ്ടതാണ്.

## അറിയിപ്പുകൾ

### വാക്ക്ഇൻ ഇന്റർവ്യൂ

**കൊച്ചി:** എറണാകുളം സർക്കാർ മെഡിക്കൽ കോളേജിലെ ജനറൽ മെഡിസിൻ, നെഫ്രോളജി എന്നീ വിഭാഗങ്ങളിലായി 3 ജൂനിയർ റെസിഡന്റുമാരെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നു. താല്പര്യമുള്ള ഉദ്യോഗാർത്ഥികൾക്ക് സെപ്റ്റംബർ 3 വ്യാഴാഴ്ച രാവിലെ 11 മുതൽ ഉച്ചയ്ക്ക് 1 വരെ പ്രിൻസിപ്പാളിന്റെ ഓഫീസിൽ നടക്കുന്ന വാക്ക്ഇൻ ഇന്റർവ്യൂവിൽ പങ്കെടുക്കാം.

### സ്പോട്ട് അഡ്മിഷൻ

**കൊച്ചി:** സംസ്ഥാന സഹകരണ യൂണിയന്റെ കീഴിൽ നോർത്ത് പറവൂരിൽ പ്രവർത്തിക്കുന്ന സഹകരണ പരിശീലന കോളേജിൽ എച്ച്.ഡി.സി & ബി.എം (ഹയർ ഡിപ്ലോമ ഇൻ കോഓപ്പറേഷൻ & ബിസിനസ്സ് മാനേജ്മെന്റ്) കോഴ്സിലെ ഒഴിവുള്ള സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ ആരംഭിച്ചു. ഏതെങ്കിലും വിഷയത്തിലുള്ള അംഗീകൃത സർവകലാശാല ബിരുദമാണ് അടിസ്ഥാന യോഗ്യത. സംവരണ വിഭാഗക്കാർക്ക് ഫീസിളവ് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 9539168626, 0484 2447866 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

### റീടെൻഡർ

**കൊച്ചി:** കോതമംഗലം ശിശു വികസന പദ്ധതി ഓഫീസിന് കീഴിലുള്ള നെല്ലിക്കുഴി പഞ്ചായത്തിലെ 36 അങ്കണവാടികളിലേക്ക് പോഷകബാല്യം പദ്ധതി പ്രകാരം പാൽ വിതരണം ചെയ്യുന്നതിനായി റീടെൻഡർ ക്ഷണിച്ചു. പൂരിച്ച ടെൻഡറുകൾ സെപ്റ്റംബർ 7 ന് ഉച്ചയ്ക്ക് 2 മണിവരെ സമർപ്പിക്കാം. ഫോൺ: 0485 28 22372

### അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** സമഗ്ര ശിക്ഷാ കേരളയുടെ ജില്ലാ പ്രോജക്ട് ഓഫീസുകളിലേക്കും വിവിധ ബി.ആർ.സി കളിലേക്കും വിവിധ തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നു .

സിവിൽ എഞ്ചിനീയർ, കമ്പ്യൂട്ടർ പ്രോഗ്രാമർ, ഡാറ്റാ എൻട്രി ഓപ്പറേറ്റർ, അക്കൗണ്ടന്റ്, ഡ്രൈവർ, ഓഫീസ് അറ്റൻഡന്റ്, നൈറ്റ് വാച്ച്മാൻ എന്നീ ജില്ലാതല തസ്തികകളിലേക്കും എം ഐ എസ് കോഓഡിനേറ്റർ, അക്കൗണ്ടന്റ്, ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നീ ബി.ആർ.സി തല തസ്തികകളിലേക്കുമാണ് അപേക്ഷ ക്ഷണിച്ചിട്ടുള്ളത്. എല്ലാ തസ്തികകൾക്കും പൊതുവായ പ്രായപരിധി 40 വയസ്സാണ് നിലവിലെ എസ്.എസ്.കെ കരാർ ജീവനക്കാർക്ക് സേവനകാലയളവ് അനുസരിച്ച് പരമാവധി 50 വയസ്സ് വരെ പ്രായയിളവ് ലഭിക്കും. യോഗ്യരായ ഉദ്യോഗാർത്ഥികൾ ബയോഡാറ്റയും അപേക്ഷയും അതത് ജില്ലാ പ്രോജക്ട് ഓഫീസർക്ക് സെപ്റ്റംബർ 15 വൈകുന്നേരം 5 മണിക്ക് മുൻപായി സമർപ്പിക്കേണ്ടതാണ്.

### ക്വട്ടേഷൻ ക്ഷണിച്ചു

**കൊച്ചി:** എറണാകുളം മത്സ്യഫെഡ് നൈലോൺ നെറ്റ് ഫാക്ടറിയിലെ നെറ്റ് നിർമ്മാണ മെഷീന് ആവശ്യമായ വിബെൽറ്റ് , റോളർ സ്ട്രാപ്പുകൾ എന്നീ അനുബന്ധ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷനുകൾ സെപ്റ്റംബർ 7 ന് ഉച്ചയ്ക്ക് 3 മണിക്ക് മുൻപായി ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

### ട്രെയിനർ ഒഴിവ്

**കൊച്ചി:** സമഗ്ര ശിക്ഷാ കേരള എറണാകുളം ജില്ലാ പ്രോജക്ടിന് കീഴിലുള്ള ബി.ആർ.സി കളിലെ ട്രെയിനർമാരുടെ ഒഴിവുകളിലേക്ക് സെപ്റ്റം ബർ 15 ന് രാവിലെ 9 മണിക്ക് എസ്.എസ്.കെ എറണാകുളം ജില്ലാ കാര്യാലയത്തിൽ വെച്ച് ഇന്റർവ്യൂ നടക്കും. അപേക്ഷ സമർപ്പിച്ചിട്ടുള്ള എല്ലാ ഉദ്യോഗാർത്ഥികളും നിർദ്ദിഷ്ട സമയത്ത് അഭിമുഖത്തിൽ പങ്കെടുക്കേണ്ടതാണ്.

### ദർഘാസ് ക്ഷണിച്ചു

**കൊച്ചി:** വനിതാ ശിശുവികസന വകുപ്പിന് കീഴിലുള്ള വടവുകോട് ഐ.സി.ഡി.എസ് പ്രോജക്ടിന് കീഴിലെ മഴുവന്നൂർ, കുന്നത്തുനാട്, വടവുകോട് പുത്തൻകുരിശ് എന്നീ പഞ്ചായത്തുകളിലെ 87 അങ്കണവാടികളിലേക്ക് പാൽ വിതരണം ചെയ്യുന്നതിനായി പുനർദർഘാസുകൾ ക്ഷണിച്ചു. ദർഘാസുകൾ സ്വീകരിക്കുന്ന അവസാന തീയതി സെപ്റ്റംബർ 8 ന് ഉച്ചയ്ക്ക് 1 വരെ ഫോൺ: 0484 2730320. ഇമെയിൽ : adavucode155@gmail.com

### ക്വട്ടേഷൻ ക്ഷണിച്ചു

**കൊച്ചി:** കേരള ഹൈക്കോടതിയിലെ ഉപയോഗത്തിനായി സ്മാർട്ട് എയർ പ്യൂരിഫയർ വിതരണം ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷനുകൾ സമർപ്പിക്കേണ്ട അവസാന തീയതി സെപ്റ്റംബർ 19 ന് ഉച്ചയ്ക്ക് 2 മണി വരെ. കൂടുതൽ വിവരങ്ങൾക്ക് , ഇമെയിൽ: stores.hcker@gov.in ഫോൺ : 0484 2562041










# ഫൺസ്കൂൾ ഹാൻഡിക്രാഫ്റ്റ്സ് ശ്രേണി പുതുക്കി

**ചെന്നൈ:** കുട്ടികളിലെ സർഗാത്മകതയും നൈപുണ്യ വികസനവും പ്രോത്സാഹിപ്പിക്കുന്നതിനായി ഫൺസ്കൂൾ ഇന്ത്യ ലിമിറ്റഡ് ഹാൻഡിക്രാഫ്റ്റ്സ് ആർട്സ് ആൻഡ് ക്രാഫ്റ്റ്സ് ശ്രേണി പുതുക്കി അവതരിപ്പിച്ചു. കുട്ടികൾക്ക് എളുപ്പത്തിൽ ഉപയോഗിക്കാവുന്ന മെച്ചപ്പെടുത്തിയ ഘടകങ്ങളോടെയാണ് പുതിയ ആക്ടിവിറ്റി കിറ്റുകൾ ഒരുക്കിയിരിക്കുന്നത്.

അഞ്ച് വയസും അതിന് മുകളിലും പ്രായമുള്ള കുട്ടികൾക്കായി സാൻഡ് ആർട്ട്, മിനി ക്യാൻവാസ് ആർട്ട് എന്നിവയാണ് പുതിയ കൂട്ടിച്ചേർക്കലുകൾ. ഫുഡ് ട്രീറ്റ്സ്, ആനിമൽസ്, പ്രിൻസസ് & യൂണികോൺ, സ്പേസ് അഡ്വഞ്ചർ, അക്വാ ആനിമൽസ് തുടങ്ങിയ വിവിധ തീമുകളിൽ കിറ്റുകൾ ലഭ്യമാണ്. സംഭരണം, ഗതാഗതം, റീട്ടെയിൽ എന്നിവയിൽ മെറ്റീരിയലിന്റെയും സ്ഥലത്തിന്റെയും ഉപയോഗം കുറയ്ക്കുന്ന കൂടുതൽ കോംപാക്ട് പാക്കേജിങ്ങും ശ്രേണിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# സായ് ഗിരിധർ ഫാഡയുടെ 38ാമത് പ്രസിഡന്റ്



**ന്യൂദൽഹി:** ഫെഡറേഷൻ ഓഫ് ഓട്ടോമൊബൈൽ ഡീലേഴ്സ് അസോസിയേഷൻസ് (ഫാഡ)യുടെ 2026-28 കാലയളവിലേക്കുള്ള 38ാമത് പ്രസിഡന്റായി സായ് ഗിരിധറിനെ നിയമിച്ചു. ഫാഡയുടെ 62ാമത് വാർഷിക പൊതുയോഗത്തിന് പിന്നാലെ ചേർന്ന 323ാമത് ഗവേണിംഗ് കൗൺസിൽ യോഗത്തിലാണ് നിയമനം.

രാജസ്ഥാനിലെ ജയ്പൂർ ആസ്ഥാനമായ സായിഷ മോട്ടോഴ്സ് പ്രൈവറ്റ് ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടറായ സായ് ഗിരിധറിന് സ്കോഡ, വോൾവോ കാർസ്, ജെഎസ്ഡബ്ല്യു എംജി മോട്ടോഴ്സ്, എംജി സെലക്ട് എന്നീ ബ്രാൻഡുകളുടെ ഡീലർഷിപ്പുകളുണ്ട്. 30 വർഷത്തിലേറെയായി ഓട്ടോമൊബൈൽ രംഗത്ത് പ്രവർത്തിക്കുന്ന അദ്ദേഹം കഴിഞ്ഞ 10 വർഷമായി ഓതറൈസ്ഡ് മോട്ടോർ അസോസിയേഷൻ ഓഫ് രാജസ്ഥാൻ സെക്രട്ടറിയാണ്. ഫാഡയുമായി 10 വർഷത്തിലേറെയായി ബന്ധപ്പെട്ടിരിക്കുന്ന അദ്ദേഹം രാജസ്ഥാൻ സ്റ്റേറ്റ് ചെയർപേഴ്സണായും പ്രവർത്തിച്ചിട്ടുണ്ട്.

ഗ്രൂപ്പ് ഷമാന്റെ മാനേജിംഗ് ഡയറക്ടർ അമർ ജതിൻ ഷേത്ത് വൈസ് പ്രസിഡന്റായും, ജെഎംജി ഗ്രൂപ്പിന്റെ മാനേജിംഗ് പാർട്ണർ പ്രദീപ് അഗർവാൾ സെക്രട്ടറിയായും തിരഞ്ഞെടുക്കപ്പെട്ടു. ചെന്നൈ ആസ്ഥാനമായ ഖിവ്രാജ് മോട്ടോഴ്സ് പ്രൈവറ്റ് ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടർ ഭാരത് കുമാർ ചോർഡിയ ട്രഷററായി.

പുതിയ പ്രസിഡന്റായി ചുമതലയേറ്റ സായ് ഗിരിധർ, എല്ലാ ഡീലർമാരെയും ഉൾക്കൊള്ളുന്ന ശക്തമായ ഫാഡ, ഒഇഎം-ഡീലർ ബന്ധം മെച്ചപ്പെടുത്തൽ, ഡീലർഷിപ്പുകളുടെ ലാഭക്ഷമത വർധിപ്പിക്കൽ, ഓട്ടോമൊബൈൽ റീട്ടെയിൽ മേഖലയെ യുവാക്കൾക്ക് ആകർഷകമായ കരിയർ മേഖലയാക്കൽ എന്നിവയാണ് അടുത്ത രണ്ട് വർഷത്തെ പ്രധാന ലക്ഷ്യങ്ങളെന്ന് വ്യക്തമാക്കി.



# ലീഗ് ഓഫ് എന്റർപ്രണേഴ്സ് ക്രിക്കറ്റ് ടൂർണമെന്റിന്റെ ട്രോഫി അനാവരണം ചെയ്തു

**തിരുവനന്തപുരം:** സംരംഭകരുടെ കൂട്ടായ്മയായ ലീഗ് ഓഫ് എന്റർപ്രണേഴ്സ് സംഘടിപ്പിക്കുന്ന കേരളത്തിലെ ആദ്യ ക്രിക്കറ്റ് ടൂർണമെന്റിന്റെ ട്രോഫി അനാവരണം ചെയ്തു. തിരുവനന്തപുരത്ത് ക്രിസ് ഗെയിലിനൊപ്പമുള്ള മീറ്റ് ആൻഡ് ഗ്രീറ്റ് ചടങ്ങിനിടെയാണ് ട്രോഫി അനാവരണം ചെയ്തത്.

ഈ വർഷത്തെ ലീഗ് ഓഫ് എന്റർപ്രണേഴ്സ് ക്രിക്കറ്റ് ടൂർണമെന്റിന്റെ പ്രധാന സ്പോൺസറായി അൽമിയ ഗ്രൂപ്പ് പങ്കാളിയാകുന്നത്. ബിസിനസ് രംഗത്തെ സംരംഭകരെ കായികവേദിയിലൂടെ ഒരുമിപ്പിക്കുകയും സംരംഭകത്വത്തിലെ സൗഹൃദവും കൂട്ടായ്മയും ശക്തിപ്പെടുത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് ടൂർണമെന്റ് സംഘടിപ്പിക്കുന്നത്.

ടൂർണമെന്റിൽ പങ്കെടുക്കുന്ന ടീമുകളുടെ ഫ്രാഞ്ചൈസി ലേലം സെപ്റ്റംബർ 20ന് കൊച്ചിയിലെ ഗ്രാൻഡ് ഹയാത്തിൽ നടക്കും. വിവിധ മേഖലകളിൽ നിന്നുള്ള പ്രമുഖ സംരംഭകരും ബിസിനസ് പ്രതിനിധികളും ലേലത്തിൽ പങ്കെടുക്കും.

ക്രിക്കറ്റിനെയും ബിസിനസ് ബന്ധ വികസനത്തെയും സംരംഭക കൂട്ടായ്മയെയും ഒരേ വേദിയിൽ സമന്വയിപ്പിക്കുന്ന സവിശേഷമായ കായിക സംരംഭമായിരിക്കും ലീഗ് ഓഫ് എന്റർപ്രണേഴ്സ് ക്രിക്കറ്റ്.

# ഓണാഘോഷവുമായി കിഴക്കമ്പലം ഗ്രാമ പഞ്ചായത്ത്



*പഴങ്ങനാട് ലയൺസ് ക്ലബിൽ നടന്ന ട്വന്റി 20 ഓണാഘോഷം സിനി ആർട്ടിസ്റ്റ് പ്രൊമി ഉദ്ഘാടനം നിർവ്വഹിക്കുന്നു. ബോബി എം ജേക്കബ്, ജിന്റോ ജോർജ്, ജീൻസി അജി, പ്രസിദ എൽദോ, ജി ജോ ജോസഫ് തുടങ്ങിയവർ സമീപം.*

**കിഴക്കമ്പലം :** എല്ലാ വർഷവും നടഞ്ഞി വരുന്ന പതിനഞ്ചാം വാർഡിന്റെ ഓണാഘോഷം പഴങ്ങനാട് ലയൺസ് ക്ലബ് ഹാളിൽ സിനി ആർട്ടിസ്റ്റ് പ്രൊമി ഉദ്ഘാടനം നിർവഹിച്ചു ട്വന്റി 20 പാർട്ടി ചെയർമാൻ ബോബി എം ജേക്കബ്, ട്വന്റി 20 ബോർഡ് മെമ്പർ അഗസ്റ്റിൻ ആന്റണി, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ജിൻസി അജി, വൈസ് പ്രസിഡന്റ് പ്രസീദ എൽദോ, ട്വന്റി 20 കുന്നത്തുനാട് നിയോജക മണ്ഡലം സെക്രട്ടറിമാരായ ജിന്റോ ജോർജ് ജെ നീസ് കാച്ചപ്പിള്ളി, വാർഡ് പ്രസിഡന്റ് ജിജോ ജോസഫ് പോൾസൺ, കോയിക്കര വാർഡ് മെമ്പർമാരായ ഷീബ ടീച്ചർ, രാധാമണി ധരണിന്ദ്രൻ, അബിളി വിജിൽ തുടങ്ങിയവർ സംസാരിച്ചു. വിദ്യാഭ്യാസ കായിക മേഖലകളിൽ കഴിവു തെളിയിച്ചവരെ ചടങ്ങിൽ മൊമെൻന്റോ നൽകി ആദരിച്ചു. തുടർന്ന് കലാവിരുന്നും ഓണസദ്യയും നടന്നു. മാവേലിതമ്പുരാന്റെ ശ്രദ്ധേയമായ വേഷം അവതരിപ്പിച്ചത് മനോഹർ ഗോംസ് ആയിരുന്നു.

# ഇൻഫോപാർക്ക് ചേർത്തല കാമ്പസിൽ ആവേശകരമായ ഓണാഘോഷം




**ചേർത്തല:** ചേർത്തല ഇൻഫോപാർക്ക് കാമ്പസിൽ വർണാഭമായ ഓണാഘോഷ പരിപാടികൾ ഇൻഫോ റിഥം 2026 സമാപിച്ചു. ആഗസ്റ്റ് 21ന് നടന്ന പ്രധാന ആഘോഷങ്ങൾക്ക് മുന്നോടിയായി ജീവനക്കാർക്കായി വിവിധ കായിക മത്സരങ്ങൾ സംഘടിപ്പിച്ചിരുന്നു.

ആഘോഷ ദിനത്തിൽ പൂക്കളമത്സരം, വിവിധ കലാപരിപാടികൾ എന്നിവയ്ക്ക് പുറമെ ചേർത്തല കിൻഡർ ഹോസ്പിറ്റൽ സ്പോൺസർ ചെയ്ത ക്യാഷ് പ്രൈസ് വടംവലി മത്സരവും നടന്നു. രാത്രിയിൽ അരങ്ങേറിയ ഡി.ജെ പാർട്ടി ആഘോഷങ്ങൾക്ക് മാറ്റുകൂട്ടി.

# സൗജന്യ പരിശീലനം

തവനൂർ അസാപ്പ് കമ്മ്യൂണിറ്റി സ്കിൽ പാർക്കിൽ സൗജന്യ കോഴ്സുകളിലേക്ക് പ്രവേശനം ആരംഭിച്ചു. സപ്പെ ചെയിൻ എക്സിക്യുട്ടീവ്, ആപ്ലിക്കേഷൻ ഡെവലപ്പർ - വെബ് & മൊബൈൽ എന്നീ കോഴ്സുകളിലേക്കാണ് അപേക്ഷ ക്ഷണിച്ചിരിക്കുന്നത്. പ്ലസ് ടു യോഗ്യതയുള്ളവർക്ക് സപ്ലൈ ചെയിൻ എക്സിക്യൂട്ടീവ് കോഴ്സിലേക്കും അനുയോജ്യമായ യു.ജി/ഡിപ്ലോമ ഉള്ളവർക്ക് ആപ്ലിക്കേഷൻ ഡെവലപ്പർ കോഴ്സിലേക്കും അപേക്ഷിക്കാം. വ്യവസായ അധിഷ്ഠിതവും പ്രായോഗികവുമായ പരിശീലനത്തോടൊപ്പം സോഫ്റ്റ് സ്കിൽ, എംപ്ലോയബിലിറ്റി ട്രെയിനിംഗ്, പ്ലേസ്മെന്റ് അസിസ്റ്റൻസ് എന്നിവയും തികച്ചും സൗജന്യമായി ലഭിക്കും. ഫോൺ: 94959 99658

# എച്ച്.ഡി.എഫ്.സി. സി.ഇ.ഒ: ഡെപ്യൂട്ടി എം.ഡി. കൈസാദ് ഭറൂചയെ പരിഗണിക്കുന്നു

**മുംബൈ:** എച്ച്.ഡി.എഫ്.സി. ബാങ്കിന്റെ പുതിയ സി.ഇ.ഒ. ആയി ഡെപ്യൂട്ടി മാനേജിങ് ഡയറക്ടർ കൈസാദ് ഭറൂചയെ പരിഗണിച്ചേക്കും. നിലവിൽ സി.ഇ.ഒ.യും മാനേജിങ് ഡയറക്ടറുമായ ശശിധർ ജഗദീശൻ പദവിയിൽനിന്ന് ഒഴിയുന്ന സാഹചര്യത്തിലാണ് തിരക്കിട്ട് നിയമനത്തിന് നീക്കം നടത്തുന്നത്.

നിലവിൽ റീട്ടെയിൽ, ഹോൾസെയിൽ ബിസിനസുകളുടെ ചുമതലയാണ് ഭറൂചയ്ക്കുള്ളത്. ബാങ്കുകളുടെ ഉയർന്ന സ്ഥാനത്തേക്കുള്ള നിയമനങ്ങളിൽ ഒന്നിലധികം പേരുകൾ സമർപ്പിക്കണമെന്ന ആർ.ബി.ഐ.യുടെ വ്യവസ്ഥയുള്ളതിനാൽ പുറത്തുനിന്നുള്ള പ്രഗല്ഭരെയും കണ്ടെത്താനുള്ള ശ്രമത്തിലാണ് ഭരണസമിതി.

ആർ.ബി.ഐ.യുടെ മുഴുവൻ സമയ ഡയറക്ടർ വ്യവസ്ഥ പ്രകാരം ഒരാൾക്ക് പരമാവധി 15 വർഷമേ അതേ സ്ഥാനത്ത് തുടരാൻ കഴിയൂ. 2029ഓടെ കാലാവധി അവസാനിക്കുന്ന ഭറൂചയ്ക്ക് സി.ഇ.ഒ. സ്ഥാനത്തേക്ക് എത്താൻ അതുകൊണ്ടുതന്നെ നിയമതടസ്സമില്ല. പരീക്ഷണത്തിന് മുതിരാതെ സ്ഥാപനത്തിന്റെ രീതികൾ നന്നായി അറിയുന്ന ഒരാളെ




നിയമിക്കുകയായിരിക്കും നല്ലതെന്ന് ബാങ്ക് കരുതുന്നു.

ബാങ്കിന്റെ സ്ഥാപക സി.ഇ.ഒ. ആയ ആദിത്യ പുരിയുടെ പിൻഗാമിയായി 2020ലാണ് ജഗദീശൻ ചുമതലയേറ്റത്. 2023 ജൂലൈയിൽ മാതൃസ്ഥാപനമായ എച്ച്.ഡി.എഫ്.സിയെ ബാങ്കുമായി ലയിപ്പിച്ചതാണ് അദ്ദേഹത്തിന്റെ ഭരണകാലത്തെ ഏറ്റവും വലിയ നേട്ടമായി വിലയിരുത്തുന്നത്. അതേസമയം, ലയനത്തിനു ശേഷം നേരിട്ട പ്രതിസന്ധികളും ആസ്തി ബാധ്യതകളിലെ സങ്കീർണതകളും വെല്ലുവിളിയായി തുടർന്നു. ബാങ്കിന്റെ രീതികൾ വ്യക്തിപരമായ മൂല്യങ്ങൾക്കും ധാർമികതയ്ക്കും നിരക്കാത്തതാണെന്നു ആരോപിച്ച് കഴിഞ്ഞ മാർച്ച് മാസത്തിലാണ് ചെയർമാൻ അതാനു ചക്രവർത്തി രാജിവെച്ചത്. ബാങ്കിന്റെ തന്നെ നേതൃത്വത്തിൽ തുടർന്ന് നടത്തിയ അന്വേഷണത്തിൽ ഭരണപരമായ വീഴ്ചകൾ കണ്ടെത്തിയില്ലെങ്കിലും നിക്ഷേപങ്ങളുടെ മൂല്യനിർണയവുമായി ബന്ധപ്പെട്ട് സി.ഇ.ഒ. ജഗദീശൻ ഉൾപ്പെടെയുള്ളവർക്ക് ബോർഡ് പിഴ ചുമത്തിയത് തിരിച്ചടിയായിരുന്നു. ചെയർമാന്റെ രാജിയും സി.ഇ.ഒ.യ്ക്ക് എതിരെയുള്ള നടപടികളും നിക്ഷേപകർക്കിടയിൽ സമ്മിശ്ര പ്രതികരണമാണ് ഉണ്ടാക്കിയത്. നേതൃത്വത്തിലെ അനിശ്ചിതത്വം ഓഹരി വിപണിയിൽ ബാങ്കിന്റെ മൂല്യത്തെ ബാധിച്ചു. ഈ വർഷം മാത്രം ഓഹരി വിലയിൽ 27 ശതമാനം ഇടിവുണ്ടായി. ബാങ്കിന്റെ ഓഹരികളിൽ 40 ശതമാനത്തോളം വിദേശ നിക്ഷേപകരുടെ കൈവശമാണ്. ഭരണപരമായ പ്രതിസന്ധികൾ ഉണ്ടാകുമ്പോൾ ഇത്തരം വൻകിട നിക്ഷേപകർ വിറ്റൊഴിയുന്നത് ബാങ്കിന്റെ വിപണിമൂല്യത്തെ ബാധിക്കാനിടയാക്കും.

2023ൽ നടന്ന എച്ച്.ഡി.എഫ്.സി. ലയനത്തിൽനിന്ന് പ്രതീക്ഷിച്ച സാമ്പത്തിക നേട്ടം കമ്പനിയിൽ ഇനിയും പ്രകടമാകാത്തത് നിക്ഷേപകർക്കിടയിൽ അതൃപ്തിയുണ്ടാക്കിയിട്ടുണ്ട്.

# ഗർഭധാരണത്തിന് സമയവും ഫെർട്ടിലിറ്റി പരിശോധനയും പ്രധാനമെന്ന് വിദഗ്ധർ

**കോഴിക്കോട്:** ജോലിയുടെ ഭാഗമായി വിവിധ നഗരങ്ങളിലും രാജ്യങ്ങളിലുമായി കഴിയുന്ന ദമ്പതികൾക്ക് ഗർഭധാരണത്തിന് ലഭിക്കുന്ന അവസരങ്ങൾ പരിമിതമായിരിക്കാം. അതിനാൽ വിവാഹം കഴിഞ്ഞ കാലയളവിനേക്കാൾ പ്രധാനമാണ് യഥാർഥത്തിൽ എത്രകാലം ഗർഭധാരണത്തിനായി ഒരുമിച്ച് ശ്രമിക്കാൻ കഴിഞ്ഞുവെന്നതെന്ന് ബിർള ഫെർട്ടിലിറ്റി ആൻഡ് ഐ.വി.എഫ്, കോഴിക്കോട്, ഫെർട്ടിലിറ്റി സ്പെഷ്യലിസ്റ്റ് ഡോ. കെ.യു. കുഞ്ഞിമൊയ്തീൻ പറഞ്ഞു.

കേരളത്തിൽ നിരവധി കുടുംബങ്ങൾ വർഷത്തിന്റെ വലിയൊരു ഭാഗം അകന്നു കഴിയുന്ന സാഹചര്യത്തിൽ, ഓണം പോലുള്ള ആഘോഷവേളകൾ ദമ്പതികൾക്ക് കൂടുതൽ സമയം ഒരുമിച്ച് ചെലവഴിക്കാനുള്ള അവസരമാകുന്നു. കുഞ്ഞിനായി ശ്രമിക്കുന്നവർക്ക് അണ്ഡോത്പാദന സമയവുമായി ബന്ധപ്പെട്ട് കൃത്യമായ സമയക്രമം പ്രധാനമാണ്. അണ്ഡോത്പാദന ദിവസം അവസാനിക്കുന്ന ആറു ദിവസത്തെ 'ഫെർട്ടൈൽ വിൻഡോ'യിലാണ് ഗർഭധാരണ സാധ്യത കൂടുതലുള്ളത്.

എന്നാൽ ഗർഭധാരണം വൈകുന്നതിന് ഒരുമിച്ച് ചെലവഴിക്കുന്ന സമയക്കുറവ് മാത്രമല്ല കാരണം. അണ്ഡോത്പാദനം സാധാരണ നിലയിലായാലും ഫെല്ലോപിയൻ ട്യൂബുകളിലെ തടസ്സം, ബീജവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, പ്രായം, എൻഡോമെട്രിയോസിസ്, പി.സി.ഒ.എസ്, മുൻ ശസ്ത്രക്രിയകൾ തുടങ്ങിയ ഘടകങ്ങൾ ഫെർട്ടിലിറ്റിയെ ബാധിക്കാം.

അതുകൊണ്ടുതന്നെ വന്ധ്യതാ പരിശോധനയിൽ സ്ത്രീയും പുരുഷനും ഒരുപോലെ പങ്കാളികളാകേണ്ടത് പ്രധാനമാണ്. സ്ത്രീകളുടെ അണ്ഡോത്പാദനവും പ്രത്യുൽപാദന വ്യവസ്ഥയും പരിശോധിക്കുന്നതിനൊപ്പം പുരുഷന്റെ ബീജ പരിശോധനയും ആവശ്യാനുസരണം നടത്താം.

സാധാരണയായി 35 വയസ്സിന് താഴെയുള്ള സ്ത്രീകളിൽ 12 മാസത്തെ തുടർച്ചയായ ശ്രമങ്ങൾക്ക് ശേഷവും, 35 വയസ്സിന് മുകളിലുള്ളവരിൽ ആറുമാസത്തെ ശ്രമങ്ങൾക്ക് ശേഷവുമാണ് ഫെർട്ടിലിറ്റി പരിശോധനകൾ നിർദ്ദേശിക്കുന്നത്. ക്രമരഹിതമായ ആർത്തവം, എൻഡോമെട്രിയോസിസ്, ട്യൂബുകളിലെ തടസ്സം, പുരുഷ വന്ധ്യതാ പ്രശ്നങ്ങൾ തുടങ്ങിയവയുണ്ടെങ്കിൽ പരിശോധനകൾ നേരത്തെ തന്നെ നടത്താം.

ഓണക്കാലത്ത് ഒരുമിച്ചെത്തുന്ന ദമ്പതികൾ, കുടുംബാസൂത്രണത്തെ ഒരു അധിക ബാധ്യതയായി കാണുന്നതിനുപകരം, തങ്ങളുടെ പ്രായം, ഒരുമിച്ച് ലഭിക്കുന്ന സമയം, ഫെർട്ടിലിറ്റി പരിശോധനകളുടെ ആവശ്യകത എന്നിവയെക്കുറിച്ച് പരസ്പരം തുറന്ന് സംസാരിക്കാനുള്ള അവസരമായി ഈ സമയം പ്രയോജനപ്പെടുത്തണമെന്നും ഡോ. കുഞ്ഞിമൊയ്തീൻ പറഞ്ഞു.




# യൂണിയൻ ബാങ്കും സി2ട്രേഡ്സും ധാരണാപത്രം ഒപ്പുവച്ചു

**മുംബൈ:** എംഎസ്എംഇകൾക്കും കോർപ്പറേറ്റുകൾക്കും വേഗത്തിൽ പ്രവർത്തന മൂലധനം ലഭ്യമാക്കുന്നതിനായി യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയും സി2എഫ്ഒ ഫാക്ടറിംഗ് സൊല്യൂഷൻ പ്രൈവറ്റ് ലിമിറ്റഡും ധാരണാപത്രം ഒപ്പുവച്ചു. ട്രേഡ് റിസീവബിൾസ് ഡിസ്കൗണ്ടിംഗ് സിസ്റ്റം (ട്രേഡ്സ്) പ്ലാറ്റ്ഫോമായ സി2ട്രേഡ്സിന്റെ ഡിജിറ്റൽ സംവിധാനത്തിലൂടെ കാര്യക്ഷമമായ റിസീവബിൾസ് ഫിനാൻസിംഗ് സേവനങ്ങൾ ലഭ്യമാക്കുകയാണ് ലക്ഷ്യം.

പങ്കാളിത്തത്തിലൂടെ എംഎസ്എംഇകൾക്ക് ഇൻവോയ്സ് തുക വേഗത്തിൽ ലഭ്യമാക്കാനും കോർപ്പറേറ്റുകൾക്ക് വിതരണക്കാരുടെ പേയ്മെന്റുകൾ കൂടുതൽ സുതാര്യമായി കൈകാര്യം ചെയ്യാനും സാധിക്കും. ഡിജിറ്റൽ സപ്ലൈ ചെയിൻ ഫിനാൻസിംഗ് ശക്തിപ്പെടുത്തുന്നതിനും ഇന്ത്യയിലെ എംഎസ്എംഇ മേഖലയ്ക്ക് പിന്തുണ നൽകുന്നതിനും സഹകരണം സഹായിക്കുമെന്ന് യൂണിയൻ ബാങ്ക് അറിയിച്ചു.



# ഡി ബിയേഴ്സിന്റെ ലവ് ഫ്രം ബെസ്റ്റി കാമ്പയിന് മികച്ച പ്രതികരണം

**കൊച്ചി:** സൗഹൃദ ദിന വാരാഘോഷത്തോടനുബന്ധിച്ച് ഡി ബിയേഴ്സ് നടത്തിയ ലവ് ഫ്രം ബെസ്റ്റി കാമ്പയിന് മികച്ച പ്രതികരണം ലഭിച്ചു. സുഹൃദ് ബന്ധങ്ങളുടെ ആഴവും അപൂർവ്വതയും ആഘോഷിക്കാൻ ലക്ഷ്യമിട്ടുള്ള ഈ പദ്ധതി ഇന്ത്യയിലുടനീളമുള്ള ഡയമണ്ട് റീട്ടെയിൽ സ്റ്റോറുകളിലൂടെയാണ് നടപ്പാക്കിയത്.

ഒന്ന് നിങ്ങൾക്ക്, ഒന്ന് നിങ്ങളുടെ ഉറ്റസുഹൃത്തിനും എന്ന ആശയത്തിൽ തയ്യാറാക്കിയ ബെസ്റ്റി ബ്രേസ്‌ലെറ്റ് കളക്ഷനായിരുന്നു ഈ കാമ്പയിന്റെ പ്രധാന ആകർഷണം. സുഹൃത്തുക്കൾക്കായി പ്രൊഫഷണൽ ഫോട്ടോഷൂട്ട്, വ്യക്തിഗത നെയിൽ ആർട്ട്, കസ്റ്റം ബാഗ് ചാമുകൾ തുടങ്ങിയവയും സ്റ്റോറുകളിൽ ഒരുക്കിയിരുന്നു. സൗഹൃദദിന വാരാന്ത്യത്തിൽ രാജ്യത്തെ 60 റീട്ടെയിൽ സ്റ്റോറുകളിലായി നടന്ന പരിപാടിയിൽ 2,000ലധികം ആളുകൾ പങ്കെടുത്തു. ഇതിൽ 15 ശതമാനം പേരെയും ഉപഭോക്താക്കളാക്കി മാറ്റാനും കാമ്പയിനിലൂടെ സാധിച്ചു.

കാമ്പയിന്റെ ഭാഗമായി സാറ തെണ്ടുൽക്കർ ബനിതാ സന്ധു, മല്ലിക ദുവ ശ്വേതാ ത്രിപാഠി, സനയ ഇറാനി ദൃഷ്ടി ധാമി തുടങ്ങിയ പ്രശസ്ത സെലിബ്രിറ്റി സുഹൃത്തുക്കളുടെ സൗഹൃദ നിമിഷങ്ങളും സോഷ്യൽ മീഡിയ വീഡിയോകളിലൂടെ പങ്കുവെച്ചു. ന്യൂ ഏജ് പോർട്ടലായ ടീക്കിന്റെ നേതൃത്വത്തിൽ യൂട്യൂബിൽ സംപ്രേഷണം ചെയ്ത പോഡ്കാസ്റ്റിൽ ഹെഡ അലി, അൻഷിത മെഹ്റോത്ര, ധനക് ഗുപ്ത, സുരമ്യ ജെയിൻ തുടങ്ങിയവർ പുതിയ കാലത്തെ സൗഹൃദങ്ങളെക്കുറിച്ച് സംസാരിച്ചു. ഡി ബിയേഴ്സ് ജിജെഇപിസിയുമായി ചേർന്ന് ഇന്ത്യൻ നാച്ചുറൽ ഡയമണ്ട് റീട്ടെയിലർ അലയൻസിന്റെ പിന്തുണയോടെയാണ് റീട്ടെയിൽ സ്റ്റോറുകൾക്ക് ആവശ്യമായ ഡിജിറ്റൽ സഹായങ്ങൾ ലഭ്യമാക്കിയത്.

സൊസൈറ്റി ടുഡേ
SOCIETY TODAY




# നിസാൻ ടെക്ടൺ കയറ്റുമതി ആരംഭിച്ചു

**കൊച്ചി:** നിസാന്റെ ഏറ്റവും പുതിയ എസ് യു വിയായ ടെക്ടൺ കയറ്റുമതി ആരംഭിച്ചു. ദക്ഷിണാഫ്രിക്ക, ഭൂട്ടാൻ, നേപ്പാൾ എന്നിവിടങ്ങളിലേക്ക് 1300ലധികം യൂണിറ്റുകളാണ് ആദ്യ ബാച്ചിൽ അയയ്ക്കുന്നത്. 'വൺ കാർ. വൺ വേൾഡ്' തന്ത്രത്തിന് കീഴിൽ നിർമിച്ച ടെക്ടണിന്റെ കയറ്റുമതി നിസാന്റെ ആഗോള മത്സരശേഷിയും ഇന്ത്യയിലെ പ്രവർത്തനങ്ങളുടെ വർദ്ധിച്ചുവരുന്ന ശേഷിയും അടിവരയിടുന്നു.

അതേസമയം, മാഗ്നൈറ്റിനും ഗ്രാവൈറ്റിനുമുള്ള സ്ഥിരമായ ഡിമാൻഡും ടെക്ടണിനോടുള്ള ശക്തമായ വിപണി പ്രതികരണവും കമ്പനിയുടെ ആഭ്യന്തര മൊത്തവ്യാപാര പ്രകടനത്തിന് പിന്തുണയായി. ഇത് വിൽപ്പനയിൽ കഴിഞ്ഞ വർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് 147% വർദ്ധനവിന് കാരണമായി. ആഭ്യന്തര വിപണിയിൽ 3,426 യൂണിറ്റുകളും അന്താരാഷ്ട്ര വിപണികളിലേക്ക് 5,924 യൂണിറ്റുകളും കയറ്റുമതി ചെയ്ത് ഓഗസ്റ്റിൽ മൊത്തം 9,350 യൂണിറ്റുകൾ വിറ്റഴിച്ചതായി നിസാൻ അറിയിച്ചു.




ആസ്റ്റർ മെഡ്സിറ്റിയിൽ 'സെന്റർ ഓഫ് എക്സലൻസ് ഇൻ ഫീറ്റൽ മെഡിസിനും' സൗജന്യ ഫീറ്റൽ സ്കാനിംഗ് സേവനങ്ങൾ ലഭ്യമാക്കുന്ന 'ജനനീയം സൗജന്യ ഫീറ്റൽ സ്കാൻ' പദ്ധതിയും ആരോഗ്യ, കുടുംബക്ഷേമ, ദേവസ്വം വകുപ്പ് മന്ത്രി കെ. മുരളീധരൻ ഉദ്ഘാടനം നിർവഹിക്കുന്നു.

# ആസ്റ്റർ മെഡ്സിറ്റിയിൽ 'സെന്റർ ഓഫ് എക്സലൻസ് ഇൻ ഫീറ്റൽ മെഡിസിൻ' പ്രവർത്തനം ആരംഭിച്ചു

**കൊച്ചി:** ഗർഭസ്ഥ ശിശുക്കളുടെ ആരോഗ്യ സംരക്ഷണത്തിനും ചികിത്സയ്ക്കുമായി ആസ്റ്റർ മെഡ്സിറ്റിയിൽ അത്യാധുനിക സൗകര്യങ്ങളോടെ സജ്ജമാക്കിയ 'സെന്റർ ഓഫ് എക്സലൻസ് ഇൻ ഫീറ്റൽ മെഡിസിൻ' ആരോഗ്യ, കുടുംബക്ഷേമ വകുപ്പ് മന്ത്രി കെ. മുരളീധരൻ ഉദ്ഘാടനം ചെയ്തു. സർക്കാർ ആശുപത്രികളെ ആശ്രയിക്കുന്ന ഗർഭിണികൾക്ക് അത്യന്താപേക്ഷിതമായ ഫീറ്റൽ സ്കാനിംഗ് സേവനങ്ങൾ ലഭ്യമാക്കുന്ന 'ജനനീയം സൗജന്യ ഫീറ്റൽ സ്കാൻ' പദ്ധതിയുടെ ഡിജിറ്റൽ ഉദ്ഘാടനവും ചടങ്ങിൽ നടന്നു. വിപുലമായ പ്രസവപൂർവ്വ രോഗനിർണയം, ഗർഭസ്ഥ ശിശുക്കളുടെ നിരീക്ഷണം, അമ്മയ്ക്കും കുഞ്ഞിനും വിദഗ്ദ്ധ പരിചരണം എന്നിവ ഉറപ്പാക്കുന്നതാണ് ആസ്റ്ററിലെ പുതിയ കേന്ദ്രം.

'സ്വകാര്യ ആശുപത്രികളിൽ വിജയകരമായി നടക്കുന്ന നല്ല പദ്ധതികൾ സർക്കാർ ആശുപത്രികളിലേക്കും വ്യാപിപ്പിക്കാൻ ശ്രമിക്കും. ആസ്റ്റർ മെഡ്സിറ്റിയിലെ സെന്റർ ഫോർ ഫീറ്റൽ മെഡിസിനിൽ തുടക്കം കുറിച്ച ' ജനനീയം' പദ്ധതി അത്തരത്തിൽ ഒന്നാണ്. ഭാവിയിൽ, അമ്മമാർക്ക് ആരോഗ്യമുള്ള കുഞ്ഞുങ്ങൾക്ക് ജന്മം നൽകാനുള്ള അവസരം ഒരുക്കുന്നതിലൂടെ ആരോഗ്യ രംഗത്ത് വലിയൊരു നേട്ടമാണ് കൈവരിക്കുന്നതെന്ന് മന്ത്രി പറഞ്ഞു. തൃശൂരിൽ അച്ഛൻ വിഷം നൽകിയ കുട്ടിയുടെ കരൾ മാറ്റിവെക്കൽ ശസ്ത്രക്രിയ വിജയകരമായി പൂർത്തിയാക്കാൻ എല്ലാ പിന്തുണയും നൽകിയ ആസ്റ്റർ മെഡ്സിറ്റിയെ മന്ത്രി പ്രത്യേകം അഭിനന്ദിച്ചു.ചടങ്ങിൽ ആസ്റ്റർ ഡിഎം ക്വാളിറ്റി കെയർ പ്രൈവറ്റ് ലിമിറ്റഡ് ഇന്ത്യ1 ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എസ്. രമേഷ് കുമാർ അധ്യക്ഷത വഹിച്ചു.

'ജനനീയം' പദ്ധതിയുടെ ഭാഗമായി മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ തുടങ്ങിയ സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് നിർദ്ദേശിക്കുന്ന രോഗികൾക്ക് ദിവസേന അഞ്ച് സൗജന്യ സ്കാനിംഗുകൾ ലഭ്യമാക്കും. അനോമലി സ്കാൻ, 3ഡി /4ഡി ഫീറ്റൽ വിലയിരുത്തൽ, ഫീറ്റൽ എക്കോകാർഡിയോഗ്രാഫി, ഫീറ്റൽ ന്യൂറോസണോഗ്രാം എന്നിവ ഉൾപ്പെടെയുള്ള പരിശോധനകളും, രണ്ടാമതൊരു വിദഗ്ദ്ധാഭിപ്രായം ആവശ്യമായി വരുന്ന കേസുകളും പൂർണ്ണമായും സൗജന്യമായിരിക്കുമെന്ന് ആസ്റ്റർ അധികൃതർ വ്യക്തമാക്കി.

ഗർഭകാലത്തുടനീളം അമ്മമാർക്ക് കൃത്യമായ രോഗനിർണയവും സമയബന്ധിതമായ ചികിത്സയും അനുകമ്പയോടെയുള്ള പിന്തുണയും ഉറപ്പാക്കുന്ന രീതിയിലാണ് കേന്ദ്രം രൂപകൽപ്പന ചെയ്തിരിക്കുന്നതെന്ന് ആസ്റ്റർ മെഡ്സിറ്റിയിലെ ഫീറ്റൽ മെഡിസിൻ വിഭാഗം സീനിയർ കൺസൾട്ടന്റും പ്രോഗ്രാം ഡയറക്ടറുമായ ഡോ. ബിജോയ് കെ. ബാലകൃഷ്ണൻ പറഞ്ഞു.

സാധാരണമോ, സങ്കീർണ്ണമോ ആയ ഗർഭധാരികളെ വ്യക്തിഗത പരിചരണം ഉറപ്പാക്കാൻ ഫീറ്റൽ മെഡിസിൻ വിദഗ്ദ്ധർ, പ്രസവചികിത്സാ വിദഗ്ധർ, നിയോനാറ്റോളജിസ്റ്റുകൾ, ജനിതക വിദഗ്ദ്ധർ, പീഡിയാട്രിക് സബ്സ്പെഷ്യലിസ്റ്റുകൾ എന്നിവർ ഈ പുതിയ കേന്ദ്രത്തിന് കീഴിൽ ഒരുമിച്ച് പ്രവർത്തിക്കും.

ആസ്റ്റർ ഡിഎം ക്വാളിറ്റി കെയർ സെൻട്രൽ കേരള റീജിയണൽ സിഇഒ ഡോ. നളന്ദ ജയദേവ്, ആസ്റ്റർ മെഡ്സിറ്റി സിഒഒ ഡോ. ഷുഹൈബ് ഖാദർ, ചീഫ് ഓഫ് മെഡിക്കൽ സർവീസസ് ഡോ. ടി. ആർ. ജോൺ, ഫീറ്റൽ മെഡിസിൻ സർവീസ് ലൈൻ മാനേജർ ജെഫി സ്റ്റീഫൻ എന്നിവർ പ്രസംഗിച്ചു.




# ഗുരു എഐ അവതരിപ്പിച്ച് സ്വിഗ്ഗി

**കൊച്ചി:** റെസ്റ്റോറന്റ് പങ്കാളികൾക്കായി 24 മണിക്കൂറും പ്രവർത്തിക്കുന്ന എഐ ബിസിനസ് അസിസ്റ്റന്റായ 'ഗുരു' അവതരിപ്പിച്ച് സ്വിഗ്ഗി. റെസ്റ്റോറന്റുകളുടെ പ്രവർത്തനവും വിൽപ്പനയും സംബന്ധിച്ച വിവരങ്ങൾ വിശകലനം ചെയ്യാനും പരസ്യ, ഡിസ്കൗണ്ട് ക്യാംപെയ്നുകൾ ആരംഭിക്കാനും പരിഷ്കരിക്കാനും പേയൗട്ട് വിവരങ്ങൾ പരിശോധിക്കാനും ഗുരു സഹായിക്കും. മലയാളം ഉൾപ്പെടെ 20ലധികം പ്രാദേശിക ഭാഷകളിൽ ഈ സേവനം ലഭ്യമാണ്. ജിഎംവി, ഓർഡറുകൾ, ശരാശരി ഓർഡർ മൂല്യം ഉൾപ്പെടെ 30ലധികം മാനദണ്ഡങ്ങൾ വിലയിരുത്തി പ്രവർത്തന മെച്ചപ്പെടുത്തലിനുള്ള നിർദേശങ്ങളും നൽകും. 720ലധികം നഗരങ്ങളിലായി 2.7 ലക്ഷത്തിലധികം റെസ്റ്റോറന്റുകൾക്ക് ഗുരുവിന്റെ സേവനം ലഭ്യമാകുമെന്ന് സ്വിഗ്ഗി അറിയിച്ചു.

# ടാറ്റ മോട്ടോഴ്സും ഡ്രിവ്നും കൈകോർക്കുന്നു

**കൊച്ചി:** ഇന്ത്യയിൽ വൈദ്യുത വാണിജ്യ വാഹനങ്ങളുടെ സ്വീകാര്യത വേഗത്തിലാക്കുന്നതിനായി ഫ്ലീറ്റ് ഓപ്പറേറ്റർമാർക്ക് ലീസിംഗ്, ഫിനാൻസിംഗ് പരിഹാരങ്ങൾ വാഗ്ദാനം ചെയ്യാൻ ഇവി ലീസിംഗ് പ്ലാറ്റ്ഫോമായ 'ഡ്രിവ്ൻ', ടാറ്റ മോട്ടോഴ്സുമായി ധാരണാപത്രത്തിൽ ഒപ്പുവെച്ചു. അടുത്ത രണ്ട് വർഷത്തിനുള്ളിൽ 1,000ത്തിലധികം വൈദ്യുത ട്രക്കുകൾ വിന്യസിക്കാനാണ് ഈ പങ്കാളിത്തത്തിലൂടെ ലക്ഷ്യമിടുന്നത്. മുൻകൂർ ചെലവുകൾ പോലുള്ള തടസ്സങ്ങൾ പരിഹരിച്ച് ഫ്ലീറ്റ് ഓപ്പറേറ്റർമാർക്ക് ലളിതമായ രീതിയിൽ വൈദ്യുത വാഹനങ്ങളിലേക്ക് മാറാൻ ഈ സഹകരണം വഴിയൊരുക്കുന്നു.

ടാറ്റ ട്രക്ക്സ്.ഇവി ബ്രാൻഡിന് കീഴിൽ 7 മുതൽ 55 ടൺ വരെ ഭാരമുള്ള വൈദ്യുത ട്രക്കുകളുടെ സമഗ്ര പോർട്ട്ഫോളിയോ ടാറ്റ മോട്ടോഴ്സ് ഇതിനോടകം അവതരിപ്പിച്ചിട്ടുണ്ട്. ഇകൊമേഴ്സ് ലോജിസ്റ്റിക്സ്, നിർമ്മാണ സാമഗ്രികളുടെ നീക്കം, തുറമുഖ പ്രവർത്തനങ്ങൾ തുടങ്ങിയ വിവിധ മേഖലകളിൽ ഈ ട്രക്കുകൾ ഉപയോഗപ്പെടുത്താം.

സുസ്ഥിര ഗതാഗതത്തിലേക്കുള്ള ഇന്ത്യയുടെ മാറ്റം ത്വരിതപ്പെടുത്തുന്നതിനും ഉപഭോക്താക്കൾക്ക് വൈദ്യുത ട്രക്കുകൾ കൂടുതൽ ആക്സസ് ചെയ്യാവുന്നതാക്കുന്നതിനും ടാറ്റ മോട്ടോഴ്സ് പ്രതിജ്ഞാബദ്ധമാണെന്ന് കമ്പനിയുടെ ട്രക്ക്സ് വൈസ് പ്രസിഡന്റും ബിസിനസ് ഹെഡുമായ രാജേഷ് കൗൾ വ്യക്തമാക്കി.

## വളർത്തുമൃഗങ്ങൾക്കും ഇനി ആരോഗ്യ പരിരക്ഷ, മൈ ഫാമിലി കംപ്ലീറ്റ് അവതരിപ്പിച്ചു

**കൊച്ചി:** കുടുംബാംഗങ്ങൾക്കൊപ്പം വളർത്തുനായകൾക്കും പൂച്ചകൾക്കും ഒരൊറ്റ പ്ലാനിലൂടെ ആരോഗ്യ പരിരക്ഷ നൽകുന്ന ഇന്ത്യയിലെ ആദ്യത്തെ സമഗ്ര ഹെൽത്ത് ഇൻഷുറൻസ് പോളിസിയായ 'മൈ ഫാമിലി കംപ്ലീറ്റ്' ബജാജ് ജനറൽ ഇൻഷുറൻസ് അവതരിപ്പിച്ചു. 5 ലക്ഷം രൂപ മുതൽ 5 കോടി രൂപ വരെയുള്ള ഇൻഷുറൻസ് തുകയും 5 വർഷം വരെയുള്ള പോളിസി കാലാവധിയും ഈ പദ്ധതിയിൽ ലഭ്യമാണ്. മുതിർന്നവർക്കും കുട്ടികൾക്കും ഒപ്പം 3 മാസം പ്രായമുള്ള വളർത്തുമൃഗങ്ങൾക്കും ഉയർന്ന പ്രായപരിധിയില്ലാതെ തന്നെ ഈ പോളിസിയിലൂടെ പരിരക്ഷ ലഭിക്കും.

ആശുപത്രിവാസ ചെലവുകൾ, ആംബുലൻസ്, നൂതന ചികിത്സാരീതികൾ എന്നിവയ്ക്ക് പുറമെ വളർത്തുമൃഗങ്ങൾക്കായി പ്രത്യേക ആനുകൂല്യങ്ങളും പ്ലാനിൽ ഒരുക്കിയിട്ടുണ്ട്. പെറ്റ് തേർഡ് പാർട്ടി ലയബിലിറ്റി, വളർത്തുമൃഗങ്ങളെ കാണാതായാൽ നൽകുന്ന പരസ്യച്ചെലവുകൾ, ഉടമകൾ ആശുപത്രിയിലായാൽ വളർത്തുമൃഗങ്ങൾക്കുള്ള അടിയന്തര താമസ സൗകര്യം, കുഞ്ഞുങ്ങൾ ജനിക്കുമ്പോഴോ വളർത്തുമൃഗങ്ങൾ പ്രസവിക്കുമ്പോഴോ ലഭിക്കുന്ന 'ബണ്ടിൽ ഓഫ് ജോയ്' ആനുകൂല്യം തുടങ്ങിയ ഒട്ടേറെ പ്രത്യേകതകൾ ഈ പോളിസിയുടെ ഭാഗമാണ്. ആധുനിക കുടുംബങ്ങളുടെ ജീവിതശൈലിയും വളർത്തുമൃഗങ്ങളോടുള്ള വൈകാരിക ബന്ധവും മുൻനിർത്തിയാണ് മനുഷ്യർക്കും വളർത്തുമൃഗങ്ങൾക്കും ഒരേപോലെ പ്രയോജനപ്പെടുന്ന ഈ സമഗ്ര ഇൻഷുറൻസ് പരിഹാരം രൂപകൽപ്പന ചെയ്തിരിക്കുന്നതെന്ന് ബജാജ് ജനറൽ ഇൻഷുറൻസ് അറിയിച്ചു.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com